(സി) 3253 കുടുംബങ്ങൾക്ക് 5398.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്. ചില നിബന്ധനകൾക്കു വിധേയമായി 76932257 ഹെക്ടർ വന ഭൂമി വിട്ടുകിട്ടുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ സുപ്രീം കോടതിയിൽ നില വിലുള്ള കേസിന്റെ അന്തിമവിധി വന്നതിനുശേഷമേ ഇതു സംബന്ധിച്ച് അനന്തര നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(ഇ) ആദിവാസി സംഘടനകളുമായി സർക്കാർതലത്തിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ പല ഘട്ടങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. ചർച്ചകളുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങളും അവയിൻമേൽ സ്വീകരിച്ച നടപടികളും സർക്കാർ വിലയിരുത്തുന്നുണ്ട്.

ആദിവാസികൾക്ക് നൽകിയ തുകയുടെ വിനിയോഗം

2 [582] *ശ്രീ. കെ. മുഹമ്മദാലി:*
ശ്രീമതി മേഴ്സി രവി:
ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗവികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത ആദിവാസികൾക്ക് സർക്കാർ നൽകിയ ഭൂമിയിൽ അവർ സ്ഥിരതാമസം തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ ഭൂമി നൽകിയ ആദിവാസികൾക്ക് കൃഷി, വീട്, കിണർ മുതലായ സൗകര്യങ്ങൾക്കായി എന്ത് തുകവീതം ധനസഹായം നൽകി;

(ഇ) ഈ തുക നിർദ്ദിഷ്ട കാര്യങ്ങൾക്കുതന്നെ വിനിയോഗിച്ചുവോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിതരണം ചെയ്ത ഭൂമിയിൽ ചില സ്ഥലങ്ങളിൽ ആദിവാസി കുടുംബങ്ങൾ സ്ഥിരതാമസം ആരംഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 11.53 കോടി രൂപ വിവിധ പുനരധിവാസ പ്രദേശങ്ങളിലെ കൃഷി, വീട്, കിണർ തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം ഉറപ്പു വരുത്തിയിട്ടുണ്ട്.

അവിവാഹിതരായ ആദിവാസി അമ്മമാർ

3 [583] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികവർഗ്ഗ വികസനവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര അവിവാഹിതകളായ അമ്മമാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവിവാഹിതകളായ ആദിവാസി അമ്മമാരുടെ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവരെ സമൂഹത്തിൽനിന്നും ഒറ്റപ്പെടാത്ത വിധം പുനരധിവസിപ്പിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) വയനാട്ടിൽ 235 അവിവാഹിതരായ ആദിവാസി അമ്മമാരുണ്ട്.

(ബി) അവിവാഹിതരായ അമ്മമാരുടെ കുട്ടികളെ സ്കൂളിലയച്ച് പഠിപ്പിക്കുന്നതിന് എസ്. ടി. പ്രൊമോട്ടർമാർ മുഖേന കുട്ടികളെ കണ്ടെത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ പ്രവേശനം നൽകി സ്കൂൾ വിദ്യാഭ്യാസത്തിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു വരുന്നുണ്ട്.

(സി) ഉണ്ട്. മാനന്തവാടിയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ മൊബൈൽ സ്കാഡ് സമുദായത്തിൽനിന്നും ഭ്രഷ്ട് കൽപ്പിക്കപ്പെട്ട സ്ത്രീകളുടെ കാര്യത്തിൽ പ്രത്യേകം ജാഗ്രത പുലർത്തുന്നുണ്ട്. തിരുനെല്ലി പഞ്ചായത്തിൽ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരുടെ പുനരധിവാസാർത്ഥം ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകി വരുന്നു. അതിന്റെ പ്രാരംഭമായി ഭൂരഹിതരായ 32 സ്ത്രീകൾക്ക് 10 സെന്റ് വീതം സ്ഥലം വാങ്ങി നൽകാനും അവരുൾപ്പെടെ 75 സ്ത്രീകൾക്ക് വീട് വച്ച് കൊടുക്കുവാനുമുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്. അവിവാഹിതരായ ആദിവാസി അമ്മമാരുടെ പുനരധിവാസം ലക്ഷ്യമാക്കി തിരുനെല്ലി പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന പവ്വർലൂം മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ സഹകരണ സംഘത്തിൽ അവർക്ക് തൊഴിൽ നൽകിവരുന്നു. അവിവാഹിതരായ അമ്മമാരുടെ പാർപ്പിട

LIBRARY ARCHIVES Kerala Legislative Assembly